**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3571**
**19.02.2013- ലെ മറുപടിയ്ക്ക്**

**<u>സസ്പെൻഷനിലായ ജീവനക്കാരനെ തിരിച്ചെടുക്കാത്ത നടപടി</u>**

ചോദ്യം
**ശ്രീ. എ. കെ. ബാലൻ**

ഉത്തരം
**ശ്രീ. ഉമ്മൻ ചാണ്ടി**
**(ബഹു. മുഖ്യമന്ത്രി)**

| | | |
|---|---|---|
| (എ) | ജനുവരി 8 മുതൽ 13 വരെ നടന്ന സർക്കാർ ജീവനക്കാരുടെ പണിമുടക്കിന്റെ ഒത്തുതീർപ്പ് വ്യവസ്ഥയിൽ ക്രിമിനൽ കേസ്സിൽ പ്രതിയാകാത്ത എല്ലാ ജീവനക്കാരുടെയും സസ്പെൻഷൻ പിൻവലിക്കുമെന്ന് വ്യവസ്ഥ ചെയ്തിരുന്നുവോ; പ്രസ്തുത വ്യവസ്ഥ പൂർണ്ണമായും വകുപ്പു മേധാവികൾ പാലിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സമരത്തിൽ പങ്കെടുത്തു എന്ന ഒറ്റക്കാരണം കൊണ്ട് ശിക്ഷണ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ അത് അനുഭാവപൂർവ്വം പുനഃപരിശോധിക്കുന്നതാണെന്നും ഓരോ കേസ്സും അതാതിന്റെ മെരിറ്റിൽ പരിശോധിക്കുന്നതാണെന്നുമാണ് വ്യവസ്ഥ ചെയ്തിരുന്നത്. |
| (ബി) | സമരത്തിൽ പങ്കെടുത്തു എന്നതിന്റെ പേരിൽ മാത്രം സസ്പെൻഷനിലായ വ്യവസായ പരിശീലന വകുപ്പിലെ ജീവനക്കാരനെ ഒരു മാസം കഴിഞ്ഞിട്ടും തിരിച്ചെടുക്കാതെ ഹിയറിംഗിന് വിളിച്ചത് സർക്കാരിന്റെ നിർദ്ദേശപ്രകാരമാണോ; | പൊതുപണിമുടക്കുമായി ബന്ധപ്പെട്ടുള്ള സസ്പെൻഷൻ എന്ന നിലയ്ക്കല്ലാതെ വകുപ്പിന്റെ പ്രവർത്തനത്തെ ബാധിക്കും വിധം പ്രവർത്തിക്കുകയും സഹപ്രവർത്തകനെതിരെ വധഭീഷണി മുഴക്കി ജോലിയിൽ നിന്നും പിൻതിരിപ്പിക്കാൻ ശ്രമിക്കുകയും ചെയ്തു എന്ന നിലയിലാണ് വ്യാവസായിക പരിശീലന വകുപ്പിലെ കോട്ടയം ആർ.ഐ സെന്ററിലെ ട്രെയിനിംഗ് ഓഫീസറെ ടിയാന്റെ ഭാഗം കേൾക്കുന്നതിനായി നേരിട്ട് ഹാജരാകുവാൻ മെമ്മോ നല്കിയത്. |

| | | |
|---|---|---|
| (സി) | ഉണ്ടെങ്കിൽ സർക്കാർ നയത്തിന് വിരുദ്ധമായി പ്രവർത്തിച്ച വകുപ്പു മേധാവിയുടെ പേരിൽ നടപടി സ്വീകരിക്കുമോ? | വകുപ്പ് മേധാവി സർക്കാർ നയത്തിന് വിരുദ്ധമായി പ്രവർത്തിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ.